രണ്ടരക്കോടി രൂപയുടെയും ചിറക്കക്കാവ് പുഴയിൽ ചിറക്കക്കാവ് എന്ന സ്ഥലത്ത് തീരസംരക്ഷണത്തിന് 6.70 ലക്ഷം രൂപയുടെയും കുന്നത്തുകാൽ പഞ്ചായത്തിൽ പുന്നൂർ പുഴയുടെ തീരസംരക്ഷണത്തിന് 24.25 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സാമ്പത്തിക ലഭ്യതയനുസരിച്ച് ആ നടപടികളിലേയ്ക്ക് പോകാൻ കഴിയുന്നതാണ്.

(7) അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിലുണ്ടായ ഉരുൾപൊട്ടലിൽ നശിച്ച പാലങ്ങളുടെയും റോഡുകളുടെയും വീടുകളുടെയും പുനർനിർമ്മാണം

ശ്രീ. കെ. എ. ഡി. മുസ്തഫ: സർ, കഴിഞ്ഞ വർഷം ജൂലായ് 3, 4 തീയതികളിൽ എംപറ നിയോജക മണ്ഡലത്തിലെ അയ്യൻകുന്ന് ഗ്രാമ പഞ്ചായത്തിൽ ഉരുൾപൊട്ടലിലും കനത്ത മഴയിലും 10 റോഡുകളും, 4 നടപ്പാലങ്ങളും, 5 വീടുകളും, ധാരാളം കൃഷി ഇവയ്ക്കൊക്കെ നാശം സംഭവിച്ചിരിക്കുന്നു. കഴിഞ്ഞ വർഷം ജൂലായ് മാസം അഞ്ചാം തീയതി ഈ വസ്തുതകളും ഞാൻ നിയമസഭയിൽ അവതരിപ്പിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ധനകാര്യ വകുപ്പുമന്ത്രിക്കും ഞാനും പഞ്ചായത്ത് പ്രസിഡന്റും പരാതി നൽകിയെങ്കിലും ഇതുവരെ റോഡിന്റെ കാര്യത്തിൽ ഒരു തീരുമാനവും ഉണ്ടായിട്ടില്ല. കൃഷി നാശത്തിന്റെ കാര്യത്തിലും വീടുകളുടെ കാര്യത്തിലും കുറച്ച് സഹായങ്ങൾ ലഭിച്ചു. നഷ്ടപ്പെട്ട 10 റോഡുകളും നടപ്പാതകളും ശരിയാക്കുന്നതിന് ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ജില്ലാ കളക്ടർക്ക് പരാതി കൊടുത്താൽ റവന്യൂ വകുപ്പിന് കൊടുക്കാൻ പറയും. റവന്യൂ വകുപ്പിനോട് ചോദിച്ചാൽ പരിശോധിച്ചു വരികയാണെന്ന് പറയും. ഇപ്പോൾ ഒരു വർഷവും 26 ദിവസവും കഴിഞ്ഞു. ഇക്കാര്യത്തിൽ ഒരു നടപടി ഉണ്ടാകണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ റോഡുകളുടെ കാര്യത്തെ സംബന്ധിച്ച് ഇതുവരെയും പുനരുദ്ധാരണം നടത്താൻ കഴിഞ്ഞിട്ടില്ല. മെമ്പർ പറഞ്ഞ റോഡുകളുടെ പുനരുദ്ധാരണത്തിന് എസ്റ്റിമേറ്റ് എടുത്ത് ബാക്കി നടപടികളും ചെന്നുവരികയാണ്.

V. റൂളിംഗ്

ശ്രീ. സ്പീക്കർ: നിയമസഭയ്ക്കകത്ത് മൊബൈൽ ഫോൺ ഉപയോഗിക്കാൻ പാടില്ല. ദയവു ചെയ്ത് അവയെല്ലാം ഇവിടെനിന്ന് മാറണം.

(8) നെല്ല് സംഭരിച്ച സഹകരണ സ്ഥാപനങ്ങളും പാടശേഖരസമിതികളും തമ്മിലുള്ള ഏജൻസികളും നേരിടുന്ന പ്രതിസന്ധി

ഡോ. കെ. സി. ജോസഫ്: സർ, കേരളത്തിലെ കാർഷിക മേഖല ഇന്ന് വലിയ പ്രതിസന്ധിയിലാണ്. ആ പ്രതിസന്ധി പരിഹരിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് കേരള കോൺഗ്രസ് പാർട്ടി ചെയർമാൻ ശ്രീ. പി. ജെ. ജോസഫിന്റെ നേതൃത്വത്തിൽ അനുയായികൾ പടിക്കൽ ഇന്ന് ഉപവാസ സമരം നടക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കാർഷിക മേഖലയിൽ ഏറ്റവും ബുദ്ധിമുട്ട് നേരിടുന്നത് നെൽകൃഷി മേഖലയാണ്. നെൽകൃഷി മേഖലയിലെ പ്രശ്നം പരിഹരിക്കുന്നതിനു വേണ്ടി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ നേതൃത്വത്തിൽ പ്രതിപക്ഷ കക്ഷി നേതാക്കൾ ഉപവാസ സമരം നടത്തുകയും നെൽകൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി നെല്ല് സംരക്ഷണ പദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ ഏജൻസികളെ പ്രോൽസാഹിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള പ്രഖ്യാപനങ്ങൾ നടത്തുകയും ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നെല്ല് സംഭരിക്കുന്ന ഏജൻസികൾക്ക് ആവശ്യമായ സംരക്ഷണം നൽകാമെന്നും അന്ന് സമരം നടത്തിയ ആളുകളോട് പറയുകയുണ്ടായി എന്നാൽ മുഖ്യമന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ നെല്ല് സംഭരിച്ച പ്രാഥമിക സഹകരണ സംഘങ്ങൾ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, പാടശേഖര സമിതികൾ ഇവയെല്ലാം ഇന്ന് വലിയ പ്രതിസന്ധിയിലാണ്. ഗവൺമെന്റിന്റെ നിർദ്ദേശം അനുസരിച്ച് 750 രൂപ വില നിശ്ചയിച്ച് നെല്ല് സംഭരിച്ച ഏജൻസികൾക്ക് ഇത് മറിച്ചു വിൽക്കാൻ കഴിയാത്തതുകൊണ്ട്. എഫ്.സി.ഐ.-യ്ക്ക് കൊടുക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുമ്പാകെ നെല്ല് ഏറ്റെടുക്കുമെന്ന് പറഞ്ഞെങ്കിലും മേയ് മാസം 3-ാം തീയതിക്കകം സംഭരിച്ചവർക്ക് അറിയിച്ചിരുന്നില്ല എന്ന സാങ്കേതികത്വം പറഞ്ഞുകൊണ്ടാണ് നെല്ല് ഏറ്റെടുക്കാതിരിക്കുന്നത്. മേയ് മാസം മൂന്നാം തീയതി ബഹുമാനപ്പെട്ട ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി കനകക്കുന്നിൽ സംഭരണ ഏജൻസികളുടെ യോഗം വിളിച്ചുകൂട്ടുകയും അവിടെവച്ച് ഏജൻസികളുടെ സ്റ്റോക്ക് വീണ്ടും വിലയിരുത്തുകയും ചെയ്തു. അതിന്റെ മിനിട്സ് വന്നിട്ടുണ്ട്. മേയ് മൂന്നാം തീയതി സ്റ്റോക്ക് അറിയിക്കാത്ത ആരുടെയൊക്കെയോ നെല്ല് എടുക്കുകയില്ല എന്ന് അതിൽ പറഞ്ഞിട്ടില്ല. അങ്ങനെ കൊടുത്തിട്ടുള്ളവരുടേതുപോലും സാങ്കേതികത്വം പറഞ്ഞ് നെല്ല് ഏറ്റെടുക്കാത്തതുകൊണ്ട്, ഗവൺമെന്റിന്റെ വാക്ക് വിശ്വസിച്ച മുഴുവൻ സംഭരണ ഏജൻസികളും മിൽ ഉടമകളുടെ ചൂഷണത്തിന് വിധേയരായിരിക്കുകയാണ്. ഒന്ന് ഏജൻസികൾ നെല്ല് എടുക്കുകയില്ല എന്നു പറഞ്ഞുകൊണ്ട് മിൽ ഉടമകൾ വില കുത്തനെ ഇടിക്കുന്നു. ഈ വർഷത്തെ പ്രശ്നം പരിഹരിക്കുക എന്നതു മാത്രമല്ല ഇതിന്റെ ഉദ്ദേശം. നെൽകൃഷിക്കാരെ രക്ഷപ്പെടുത്തണമെങ്കിലും നെൽകൃഷി നിലനിർത്തണമെങ്കിലും, വിളവെടുപ്പ് കാലത്ത് മിൽ ഉടമകളുടെ ചൂഷണത്തിന് കർഷകർ വിധേയരാകുന്ന സ്ഥിതി ഒഴിവാക്കണം. ഇവിടെ നെൽ സംഭരണ പദ്ധതി ഫലപ്രദമായി നടപ്പാക്കണം. ആ പദ്ധതി നിലനിർത്തണം. സംഭരണ ഏജൻസികൾവഴി സംഭരണം നടക്കണം; സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരിക്കണം. അതുകൊണ്ട് ഗവൺമെന്റിന്റെ വാക്ക് വിശ്വസിച്ച് വന്നിട്ടുള്ള നെൽ ഉടമകളിൽനിന്ന് മേയ് മൂന്നിന്റെ സാങ്കേതികത്വം പറഞ്ഞ് നെല്ല് വാങ്ങാതിരിക്കുന്നത് ശരിയല്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ കോൺഫറൻസിൽ പങ്കെടുത്ത് സ്റ്റോക്ക് അറിയിച്ചവരുടെയും വാങ്ങുന്നില്ല. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉറപ്പനുസരിച്ച് നെല്ല് സംഭരണം വിജയിപ്പിക്കുവാൻവേണ്ടി രംഗത്തുവന്ന പ്രാഥമിക സഹകരണ സംഘങ്ങൾ, മാർക്കറ്റിംഗ് സംഘങ്ങൾ, പാടശേഖര സമിതികൾ തുടങ്ങിയ ഏജൻസികൾ സംഭരിച്ചുവച്ച മുഴുവൻ നെല്ലും സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുത്തുകൊണ്ട് കർഷകരെ സഹായിക്കുന്ന നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ എല്ലാ കാര്യങ്ങളും ശരിയല്ല. നെൽ സംഭരണവുമായി ബന്ധപ്പെട്ട വളരെയധികം

LIBRARY ARCHIVES Kerala Legislative Assembly

ജോലികൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിർവഹിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം ഈ ജോലികൾ ഏറ്റെടുത്ത് ഇവിടെ ഫലപ്രദമായി നടത്തുന്നതിനുവേണ്ടി ഒരു പഠനം തന്നെ നടത്തിയിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് 26-4-2005-ന് ഗവൺമെന്റിനു സമർപ്പിക്കുകയും ചെയ്തു. കേരളത്തിലെ കർഷകർക്ക് പരമാവധി പ്രയോജനം ലഭിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റുമായി പലവട്ടം ചർച്ചകളും നടത്തി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും കേന്ദ്രമന്ത്രി ശ്രീ. ശരത് പവാറിനെ നേരിട്ടു കണ്ട് ചർച്ച നടത്തിയിരുന്നു. അത് അനുസരിച്ച് കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിക്കുന്ന നെല്ല് അരിയാക്കി എഫ്.സി.ഐ. മുഖാന്തിരം റേഷൻകടകൾ വഴി വിതരണം ചെയ്യുന്നതിനുള്ള അനുമതി ലഭിച്ചു. എഫ്.സി.ഐ. നിശ്ചയിച്ചിരിക്കുന്ന മിനിമം സപ്പോർട്ട് പ്രൈസ് 5 രൂപ 60 പൈസയാണ്. നഷ്ടം സഹിച്ചാണെങ്കിലും കർഷകനെ സഹായിക്കുക എന്ന ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് ഗവൺമെന്റ് ഇക്കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ഇക്കാര്യത്തിൽ സുതാര്യത ഉറപ്പു വരുത്തുന്നതിനുവേണ്ടിയാണ് 1-5-2005-ന് കേരളത്തിലെ എല്ലാ പ്രമുഖ പത്രങ്ങളിലും അറിയിപ്പ് നൽകി സഹകരണ സംഘങ്ങളും പാടശേഖര സമിതികളും സംഭരിച്ച നെല്ലിന്റെ അളവ് എത്രയെന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷനെ അറിയിച്ചത്. 459.673 മെട്രിക് ടൺ നെല്ലിന്റെ കണക്കാണ് അവർ നൽകിയിട്ടുള്ളത്. 4-6-2005 മുതൽ നെല്ല് സംഭരണം താത്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. അതിനുശേഷം പേര് രജിസ്റ്റർ ചെയ്യാൻ കഴിഞ്ഞില്ലെന്ന് പറഞ്ഞുകൊണ്ട് പല സംഘങ്ങളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും എനിക്കും പരാതി നൽകുകയുണ്ടായി. രജിസ്റ്റർ ചെയ്ത സംഘങ്ങളിൽനിന്നും നെല്ലെടുക്കണമെന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ ആവശ്യം ഉന്നയിച്ചു, അതുപോലെ ശ്രീ. കെ. കെ. ഷാജു ഈ ആവശ്യം എഴുതിത്തന്നിരിക്കുന്നു. ഐക്യജനാധിപത്യ മുന്നണിയുടെ പല നേതാക്കളും ഈ ആവശ്യം രേഖാമൂലം അറിയിച്ചു. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട്, ഈ ഗവൺമെന്റിന്റെ കടമ എന്നുള്ള നിലയിൽ അങ്ങ് ഇവിടെ സൂചിപ്പിച്ച സാങ്കേതികത്വം മാറിവച്ചുകൊണ്ട് സംഘങ്ങൾ സംഭരിച്ച ബാക്കിയുള്ള നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. വരുംകാലങ്ങളിൽ കാർഷിക മേഖലയിലെ ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് ചില നടപടികൾ ഉണ്ടാകണമെന്ന് സൂചിപ്പിച്ചു. വരുംകാലങ്ങളിലെന്നല്ല സ്ഥിരമായ ഒരു സംവിധാനം എന്നുള്ള നിലയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരിച്ച് അരിയാക്കി റേഷൻകടകളിലൂടെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്". അങ്ങ് ഇവിടെ പറഞ്ഞ കാര്യങ്ങൾ ആലോചിച്ച് അതിനുള്ള നടപടികൾ സ്വീകരിക്കും.

(9) കശുവണ്ടി വ്യവസായ മേഖലയിൽ നടത്തുന്ന അനധികൃത കുടിവെപ്പും കമ്മീഷൻ വെപ്പും നിയമനിഷേധവും തടയൽ

ശ്രീ. എ. എ. അസീസ്: സർ, കശുവണ്ടി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ ഈ സഭയിൽ എനിക്ക് മുമ്പ് ഒന്നിലധികം മെമ്പർമാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ പ്രശ്നങ്ങൾക്ക് സ്ഥായിയായി പരിഹാരം കണ്ടെത്തുക

LIBRARY ARCHIVES Kerala Legislative Assembly